**ഓൺലൈൻ പഠനത്തിന് 100 ടി.വികൾ നൽകുന്ന പദ്ധതി മന്ത്രി ജി സുധാകരൻ ഉദ്ഘാടനം ചെയ്തു**

ആലപ്പുഴ : ജില്ലാവ്യവസായ കേന്ദ്രവും  കേരള  ചെറുകിട വ്യവസായ അസോസിയേഷനും  ചേർന്ന് നടപ്പാക്കുന്ന  ഓൺലൈൻ  പഠന സഹായ പദ്ധതിക്ക്  തുടക്കമായി. പദ്ധതിയുടെ ഭാഗമായി  ജില്ലയിൽ ഓൺലൈൻ  പഠന സൗകര്യമില്ലാത്ത  വിദ്യാർത്ഥികൾക്ക് 100 ടിവികളാണ് വിതരണം  ചെയ്യുന്നത്. പദ്ധതിയുടെ ജില്ലാതല  ഉദ്ഘാടനം പൊതുമരാമത്ത് രജിസ്ട്രേഷൻ  വകുപ്പ്  മന്ത്രി ജി. സുധാകരൻ നിർവഹിച്ചു.

സംസ്ഥാനത്ത് ഓൺലൈൻ  പഠന  സൗകര്യമില്ലാത്ത ഒരു  കുട്ടി  പോലും ഉണ്ടാകാൻ പാടില്ല  എന്ന  കാഴ്പ്പാടാണ് സർക്കാരിനുള്ളത്. ഇത്തരം പഠന  സൗകര്യം  ഒരുക്കി  നൽകുന്നതിലൂടെ ആ  ലക്ഷ്യം പ്രാവർത്തികമാകുമെന്ന് മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ വകുപ്പും വ്യവസായ  വകുപ്പും  ശാസ്ത്രീയമായി പ്രവർത്തിക്കുന്നതിലൂടെയാണ് ഇത്തരത്തിലുള്ള  മികച്ച പദ്ധതികൾ  നടപ്പാക്കുന്നത്. അമ്പലപ്പുഴ താലൂക്കിൽ  ഓൺലൈൻ  പഠനത്തിന് സൗകര്യമില്ലാത്ത  കുട്ടികൾ ഇനിയും  ബാക്കിയുണ്ടെങ്കിൽ എം.എൽ.എ ഫണ്ട്  വിനിയോഗിച്ചു സൗകര്യങ്ങൾ ഒരുക്കി  നൽകുമെന്നും  മന്ത്രി പറഞ്ഞു.

ജില്ലയിൽ അരൂർ  മുതൽ  കായംകുളം  വരെയുള്ള തിരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്കാണ്  ടിവി  നൽകുന്നത്. അമ്പലപ്പുഴ മണ്ഡലത്തിൽ  മാത്രം  20 കുട്ടികൾക്കാണ് ടിവി  നൽകുന്നത്.

വാടയ്ക്കൽ വ്യവസായ  എസ്റ്റേറ്റിൽ  നടന്ന ചടങ്ങിൽ ജില്ലാ  വ്യവസായ കേന്ദ്രം  ജനറൽ  മാനേജർ  എം.വി. ലൗലി അധ്യക്ഷത  വഹിച്ചു. കെ.എസ്.എസ്.ഐ.എ ജില്ലാ  പ്രസിഡന്റ്  വി.കെ. ഹരിലാൽ, ജില്ലാ വിദ്യാഭ്യാസ  ഉപഡയറക്ടർ  ധന്യ ആർ. കുമാർ, കെ.എസ്.എസ്.ഐ.എ വാടക്കൽ  യൂണിറ്റ്  പ്രസിഡന്റ് തോമസ്  കുട്ടി പൂണിയിൽ  എന്നിവർ സംസാരിച്ചു .

( ചിത്രമുണ്ട് )

**ജില്ലയിലെ നിക്ഷേപ വായ്പാ അനുപാതം അഞ്ച് ശതമാനം ഉയർന്നു**

ആലപ്പുഴ: ജില്ല ബാങ്കിംഗ്  അവലോകന  യോഗം  ജില്ല കളക്ടർ  എ അലക്സാണ്ടറിന്റെ അധ്യക്ഷതയിൽ  ആസൂത്രണ  സമിതി ഹാളിൽ നടന്നു. അഡ്വ. എ എം  ആരിഫ്  എം  പി  മുഖ്യാതിഥിയായി. കഴിഞ്ഞ സാമ്പത്തികവർഷം  മാത്രം ജില്ലയിലെ  ബാങ്കുകൾ  9718.91 കോടിരൂപ വായ്പ  ഇനത്തിൽ  നൽകി. ഇത് 2019 മാർച്ച് 31 ലെക്കാൾ 1556

കോടിരൂപ അധികമാണ്. ഇങ്ങനെ ജില്ലയിലെ നിക്ഷേപ-വായ്പ അനുപാതം 5% വർധനയോടെ 53% ആയി ഉയർന്നു.

കൃഷി മേഖലയിൽ 4035.35 കോടിയും ലഘു-ചെറുകിട-ഇടത്തരം മേഖലയിൽ 1886.37 കോടിയും മറ്റു മുൻഗണന വിഭാഗത്തിൽ 851.81 കോടിയും രൂപ നൽകി.

2019ലെ വെള്ളപ്പൊക്കവും കൊറോണ പകർച്ച വ്യാധിയും വിഘാതങ്ങൾ സൃഷ്ടിച്ചെങ്കിലും ബാങ്കിംഗ് മേഖല ഉണർന്നു പ്രവർത്തിച്ചതിന്റെ ഗുണഫലമായി 2019-20ൽ ലക്ഷ്യമിട്ടിരുന്ന10,000 കോടിരൂപയുടെ സ്ഥാനത്ത് 9719കോടിരൂപ വായ്പ ഇനത്തിൽ നൽകാൻ ബാങ്കുകൾക്ക് സാധിച്ചു.

ഈ കാലയളവിൽ 50,862പേർക്ക് 406.82 കോടിരൂപ മുദ്ര ലോൺ സ്കീമിലും 1813 വിദ്യാർത്ഥികൾക്ക് 81.67കോടിരൂപ വിദ്യാഭ്യാസ വായ്പ ഇനത്തിലും നൽകി.

എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ എൺപതെട്ടോളം കെ സി സി മേളകൾ വഴി 45,151 കർഷകരെ പുതുതായി കെ സി സി പദ്ധതിയിൽ ഉൾപ്പെടുത്തി.വായ്പ ഇനത്തിൽ 815 കോടിരൂപ ഈ പദ്ധതിപ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ മേഖലയിൽ ഇനിയും മുന്നോട്ടുപോകേണ്ടതുണ്ടെന്നും അതിനുവേണ്ട പ്രവർത്തനങ്ങൾ ബാങ്കുകളും കൃഷി,ഡയറി,ഫിഷറീസ് വകുപ്പുകളും ചേർന്ന് നടപ്പാക്കണമെന്ന് ജില്ല കളക്ടർ എ അലക്സാണ്ടർ പറഞ്ഞു.

വിദ്യാഭ്യാസ വായ്പയുടെ 20.29% നിഷ്ക്രിയ ആസ്തിയായി മാറിയതിനെക്കുറിച്ച് വിശദമായ പഠനം നടത്തി പരിഹാരം കാണണമെന്ന് അഡ്വ. എ എം ആരിഫ് എം പി നിർദ്ദേശിച്ചു. കൊറോണ മഹാമാരിയിൽ നിന്ന് സാമ്പത്തിക രംഗത്തെയും തൊഴിൽ സംരംഭകരേയും കർഷകരെയും സംരക്ഷിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ ബാങ്കുകളും ബന്ധപ്പെട്ടവരും കൈക്കൊള്ളണം. ലഘു-ഇടത്തരം സംരംഭകർക്കായുള്ള എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി (ECLGS) സ്കീം, കാർഷിക മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിനുള്ള 'സുഭിക്ഷകേരളം' എന്നീ പദ്ധതികൾ എത്രയും പെട്ടെന്ന് നടപ്പാക്കുന്നതിന് നടപടികൾ സഹകരണമേഖലയിൽ ഉൾപ്പെടെയുള്ള ബാങ്കുകൾ കൈക്കൊള്ളണമെന്ന് എം പി ആവശ്യപ്പെട്ടു. കോവിഡ് വൻ ഭീഷണിയുയർത്തിയ വേളയിൽ ബാങ്ക് ജീവനക്കാർ നടത്തിയ പ്രവർത്തനം ആരോഗ്യ പ്രവർത്തകരുടെയും പോലീസിന്റെയും സേവനത്തിന് സമാനമായിരുന്നുവെന്ന് അഡ്വ.എ എം ആരിഫ് എം പി പ്രശംസിച്ചു.

ലീഡ് ജില്ല മാനേജർ വി. വിനോദ്കുമാർ,എസ് ബി ഐ ഡിജിഎം സുരേഷ് വി,നബാർഡ് ഡിഡിഎം ടി കെ പ്രേംകുമാർ,ലീഡ് ബാങ്ക് ഡെപ്യൂട്ടി മാനേജർ ബെറ്റി എം. വർഗീസ്, വിവിധ വകുപ്പ് പ്രതിനിധികൾ പങ്കെടുത്തു. നബാർഡ് ഡിഡിഎം സ്ഥാനത്തുനിന്ന് വിരമിച്ച ആർ രാഘുനാഥൻ പിള്ളയെ ചടങ്ങിൽ ആദരിച്ചു.